## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.6155

04.07.2019-ൽ മറുപടിയ്ക്ക്

## കടലാക്രമണ ഭീഷണിയിൽ നിന്ന് മത്സ്യത്തൊഴിലാളികളെയും കുടുംബങ്ങളെയും രക്ഷിക്കുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി. ഇ.എസ്.ബിജിമോൾ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ :** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടലാക്രമണ ഭീഷണിയിൽ നിന്ന് മത്സ്യത്തൊഴിലാളികളെയും കുടുംബങ്ങളെയും രക്ഷിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വീതമാണ് പദ്ധതി പ്രകാരം ധനസഹായമായി അനുവദിക്കുന്നത്. |
| (ബി) | കടലാക്രമണം തടയുന്നതിനുള്ള ജിയോട്യൂബ് സാങ്കേതിക വിദ്യ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ജിയോട്യൂബുകൾ കട്ടിയേറിയ പോളിപ്രൊപ്പിലിൻ ഫാബ്രിക്ക് കൊണ്ടാണ് നിർമ്മിക്കുന്നത്. ഇവയ്ക്ക് ഏകദേശം മൂന്ന് മുതൽ ഏഴ് മീറ്റർ വരെ വ്യാസവും 15-20 മീറ്റർ നീളവുമുണ്ടാകും. ഡ്രഡ്ജ് ചെയ്ത മണൽ നിറച്ച് ഇത്തരം ട്യൂബുകളെ തീരത്തോ കടലിലോ അടുക്കാവുന്നതാണ്. ഓരോ പ്രദേശത്തെയും ഭൂപ്രകൃതി, തിരമാലയുടെയും കാറ്റിന്റെയും ഗതിവിഗതികൾ, കടലിന്റെ അടിത്തട്ടിലുള്ള മണ്ണിന്റെ ഘടന എന്നിവയെല്ലാം പരിശോധിച്ച് വിശദമായ പഠനത്തിനുശേഷം ജിയോട്യൂബുകൾ കരയിലോ കരയിൽ നിന്നും ഒരു നിശ്ചിത ദൂരത്തിലോ ആണ് നിക്ഷേപിക്കുക. ഇവ കടലിൽ നിക്ഷേപിക്കുന്നതുമൂലം ശക്തമായ തിരയിൽ നിന്നും തീരത്തെ ഒരു പരിധി വരെ രക്ഷിക്കാനാകും. |
| (സി) | കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ അത് തടയുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തിന്റെ തീരശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽ നിന്നും കരയേയും മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കുന്നതിനുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കിഫ്ബി ഫണ്ട് ഉപയോഗിച്ച് 82.02 കോടി രൂപ |

| | | | |
|---|---|---|---|
| | | | യുടെ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെട്ടുത്തിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ഡി) | വേലിയേറ്റരേഖയിൽ നിന്ന് അൻപത് മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ; | (ഡി) | അനുബന്ധം II ആയി ചേർക്കുന്നു. |
| (ഇ) | കടലാക്രമണഭീഷണി നേരിടുന്ന സ്ഥലങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ അവർക്ക് താല്പര്യമുണ്ടെങ്കിൽ നിലവിലുള്ള ഭൂമിയുടെ അവകാശം നിലനിർത്തിക്കൊണ്ടുതന്നെ സുരക്ഷിതമേഖലയിലേക്ക് മാറ്റുന്നതിന് ധനസഹായം നല്കുമോ; വ്യക്തമാക്കുമോ; | (ഇ) | കേരളത്തിന്റെ 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശത്ത് ഏകദേശം 350 കിലോമീറ്റർ ദൂരം അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന മേഖലയാണ്. ഫിഷറീസ് വകുപ്പ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹായത്തോടെ വിശദമായ സർവ്വേ നടത്തി തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ ആകെ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്. കടലാക്രമണ ഭീഷണിയിൽ കഴിയുന്നതും തീരദേശത്ത് അധിവസിക്കുന്നതുമായ മത്സ്യ ത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പദ്ധതി നടപ്പിലാക്കുന്ന തിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആദ്യ ഘട്ട മെന്ന നിലയിൽ മാറി താമസിക്കാൻ സന്നദ്ധരായ 8487 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | മുതലപ്പൊഴി ഫിഷറി ഹാർബർ - ഷോർ പ്രൊട്ടക്ഷൻ വർക്ക് അറ്റ് താഴംപള്ളി സൈഡ് ആന്റ് കഠിനംകുളം കായൽ | 1831.00 | പദ്ധതിക്ക് വേണ്ടതായ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞു. |
| 2 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയൻസ് ഓൺ സതേൺ സൈഡ് ഓഫ് എസ്റ്റ്യുറി ഓഫ് ചേറ്റുവ ഫിഷിംഗ് ഹാർബർ | 686.00 | പദ്ധതിക്ക് വേണ്ടതായ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞു. |
| 3 | ഫിഷിംഗ് ഹാർബർ പ്രോജക്ട് തലായ് ഇൻ കണ്ണൂർ കൺസ്ട്രക്ഷൻ ഓഫ് അഡീഷണൽ ഗ്രോയൻസ് | 348.00 | കരാർ ഉടമ്പടി ഒപ്പുവച്ചു. പ്രാരംഭ പ്രവൃത്തികൾ നടന്നു വരുന്നു. |
| 4 | ബീച്ച് സ്റ്റബിലൈസേഷൻ ഓൺ സതേൺ സൈഡ് ഓഫ് മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ | 1347.00 | പദ്ധതിക്ക് വേണ്ടതായ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞു. |
| 5 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയിൻസ് അറ്റ് കായംകുളം ഫിഷിംഗ് ഹാർബർ | 242.00 | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |
| 6 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയിൻസ് അറ്റ് തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ | 240.00 | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |
| 7 | ഷോർപ്രോട്ടക്ഷൻ 'വർക്ക്' ഫ്രം കൊല്ലം ബീച്ച് ടു താന്നി | 3508.00 | ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം 1.1

(i) കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന 25 കോടിയുടെ ഒരു പ്രത്യേക പാക്കേജ് (2016-17) വർഷം ആരംഭിച്ച് നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം ആകെ 127 പേർ സ്ഥലം വാങ്ങുകയും 112 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ii) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

(a) 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് @ 4 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന ഘടകത്തിൽ വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട 760 ഗുണഭോക്താക്കളിൽ 480 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്

(b) 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായമായി 10 ലക്ഷം രൂപ വീതം നൽകുന്ന ഘടകത്തിൽ 401 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 350 പേർ ഭവന നിർമ്മാണത്തിന്റെ പൂർത്തീകരണ ഘട്ടത്തിലുമാണ്.

(c) തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിയ്ക്കുന്നതിനായി തിരുവനന്തപുരം കാരോട് വില്ലേജിൽ 105.55 ആർ സ്ഥലം ഫിഷറീസ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഇവിടെ കെട്ടിട സമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(i) മുട്ടത്തറ വില്ലേജിൽ വകുപ്പിന് കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളികളെ പാർപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ച് 187 ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

2016-17, 2017-18 എന്നീ വർഷങ്ങളിലായി നടപ്പാക്കുന്ന പദ്ധതികൾ പ്രകാരം ആകെ 1798 പേർക്കാണ് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 1193 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2018-19) ൽ ഉൾപ്പെടുത്തി സ.ഉ (സാധാ) നമ്പർ 65/2019/മ.തു.വ തീയതി 29/01/2019 പ്രകാരം 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 92 ഫ്ളാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്.

സെക്ഷൻ ഓഫീസർ